"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ-പ്ലാനിംഗ്-കോട്ടയം ജില്ലാ ടൗൺ പ്ലാനറുടെ കാര്യാലയത്തിലെ ജീവനക്കാരനായിരിക്കെ മരണമടഞ്ഞ ഷാജി സി.പി.-യുടെ ഭവന നിർമ്മാണ വായ്പാ ബാധ്യതയിൽ അവശേഷിക്കുന്ന തുക ഗഡുക്കളായി അടയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂബി) വകുപ്പ്**

സ.ഉ.(സാധാ) നം.751/2026/LSGD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-
1. സ.ഉ(സാധാ) നം. 386/2025/തസ്വഭവ തീയതി 07.02.2025
2. ശ്രീമതി. മഞ്ജു.പി 5/11/2025 ൽ സമർപ്പിച്ച അപേക്ഷ
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 04.01.2026 തീയതിയിലെ LSGD/PD/3914/2023-DEG3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലാ ടൗൺ കാര്യാലയത്തിലെ ജീവനക്കാരനായിരിക്കെ 19.09.2020-ൽ മരണമടഞ്ഞ ഷാജി.സി.പി-യുടെ പേരിലുള്ള ഭവന നിർമ്മാണ വായ്പയിലെ ആകെ ബാധ്യതയായ 10,74,610/- രൂപയിൽ നിന്നും, പലിശയിനത്തിലെ ബാധ്യതയായ 2,69,720/- രൂപ മാത്രം ഒഴിവാക്കുന്നതിനും, മുതലിനത്തിലെ ബാധ്യതയായ 7,79,202/- രൂപയിൽ നിന്ന് 2,30,280/- രൂപ "2075-00-795-98-HBA write off(N/V)"എന്ന ശീർഷകത്തിൽ ചെലവും "7610-00-201-98-HBA-State Service Officers(N/V)" ശീർഷകത്തിൽ വരവും കാണിച്ച് എഴുതിത്തള്ളുന്നതിനും, അതോടൊപ്പം മുതലിനത്തിൽ ബാക്കിയുള്ള 5,48,922/- രൂപയും, പിഴപ്പലിശയിനത്തിലെ ബാധ്യതയായ 25,688/- രൂപയും ചേർത്ത് ആകെ ബാധ്യതയായ 5,74,610/- രൂപ (അഞ്ച് ലക്ഷത്തി എഴുപത്തിനാലായിരത്തി അറുന്നൂറ്റിപത്ത് രൂപ മാത്രം) ടിയാന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും ഈടാക്കുവാനും ഡി.സി.ആർ.ജി. തികയുന്നില്ലെങ്കിൽ ബാക്കി വരുന്ന തുക ടിയാന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നോ അനന്തരാവകാശികളിൽ നിന്നോ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഈടാക്കുന്നതിന്

പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഷാജി.സി.പി- യുടെ അനന്തരാവകാശികളായ ഭാര്യ ശ്രീമതി മഞ്ചു പി., മക്കളായ ആദിത്യ സി.എസ്., ശ്രീഹരി സി.എസ്. എന്നിവർക്ക് അനുവദിച്ച ഡി.സി.ആർ.ജി-യിൽ നിന്നും 4,45,548/- രൂപ ഹൗസ് ബിൽഡിംഗ് അഡ്വാൻസിൽ വകയിരുത്തുന്നതിനുള്ള അനുമതിയ്ക്കായും, ബാക്കി തുകയായ 1,48,516/- രൂപ നിലവിൽ പത്തനംതിട്ട ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിൽ ജോലി ചെയ്തു വരുന്ന ടിയാന്റെ ഭാര്യയായ ശ്രീമതി. മഞ്ചു പി. -യുടെ ശമ്പളത്തിൽ നിന്നും 5 വർഷം ഗഡുക്കളായി ഈടാക്കുന്നതിന് അനുമതി നൽകുന്നതിനായും ശ്രീമതി. മഞ്ജു പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭവനവായ്പാ ബാധ്യത എഴുതിത്തള്ളിയതിനു ശേഷം ഷാജി സി.പി-യുടെ ബാധ്യതയായി അവശേഷിക്കുന്ന 5,74,610/ - രൂപയിൽ ഡി.സി.ആർ.ജി തുകയായ 4,45,548/ - രൂപ കിഴിച്ച് ബാക്കി അടക്കുവാനുള്ള തുകയായ 1,29,062/- രൂപ (5,74,610 - 4,45,548 = 1,29,062) , 3000 /- രൂപ വീതമുള്ള 43 മാസ ഗഡുക്കളായി ( അവസാന ഗഡുവിൽ 62 രൂപ അധികമായി ഈടാക്കി) അടയ്ക്കുന്നതിനുള്ള അനുമതി ടിയാന്റെ ഭാര്യയായ ശ്രീമതി. മഞ്ചു പി. -യ്ക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

2.ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

3.ശ്രീമതി. മഞ്ജു പി, ചിറയ്ക്കൽ ഹൗസ്, കുറിച്ചി പി.ഒ, കോട്ടയം (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

5.വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

6.ധനകാര്യ വകുപ്പ്(File No. 2749737/HBA-1/95/2024-Fin dated 21.02.2026)

7.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

8.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി ( ഫയൽ നം. EWB3/48/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 16-03-2026 08:55:39